**നമ്പർ. സി1/455/2024/റ്റിസി**

**മോട്ടോർ വാഹന വകുപ്പ് , കേരളം**
**ട്രാൻസ്പോർട്ട് കമ്മീഷണറുടെ കാര്യാലയം**
തീയതി: 24-12-2024

**സർക്കുലർ നമ്പർ:22/2024**

വിഷയം:- മോട്ടോർ വാഹന വകുപ്പ് – വാഹന ഉടമസ്ഥൻ മരണപ്പെട്ട **ശേഷം** വാഹനം കൈമാറ്റം ചെയ്യുന്ന വ്യവസ്ഥകൾ - സംബന്ധിച്ച് .

സൂചന :- കേന്ദ്ര മോട്ടോർ വാഹന ചട്ടം 56

നിലവിൽ, വാഹന ഉടമ മരണപ്പെട്ടതിനുശേഷം വാഹനത്തിന്റെ ഉടമസ്ഥ അവകാശം കൈമാറ്റം ചെയ്യുന്ന വിഷയത്തിൽ, സംസ്ഥാനത്തെ മോട്ടോർ വാഹന വകുപ്പിന്റെ വിവിധ ഓഫീസുകളിൽ , വ്യത്യസ്ത രീതിയിലുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതായി കാണുന്നു .ആയതിനാൽ, ഈ വിഷയത്തിൽ ഒരു ഏകീകൃത രീതി അവലംബിക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. ഈ നിർദ്ദേശങ്ങൾ എല്ലാ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരും കർശനമായി പാലിക്കേണ്ടതാണ്.

1). ഉടമസ്ഥ അവകാശം മാറ്റുമ്പോൾ തഹസിൽദാർ നൽകുന്ന Legal heirship സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ് . അതോടൊപ്പം, ഏതെങ്കിലും കോടതിയിൽ നിന്ന് അനുവദിച്ച നൽകിയിട്ടുള്ള Succession Certificate ഹാജരാക്കുകയാണെങ്കിൽ ആയത് പകരം സ്വീകരിക്കാവുന്നതാണ് .

2). Legal heirship സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വ്യക്തികളുടെയും രേഖാമൂലമുള്ള അനുമതിയോടുകൂടി ഇവരിൽ ഏതെങ്കിലും ഒരു അവകാശിയുടെ പേരിൽ ഉടമസ്ഥാവകാശം മാറേണ്ടതാണ്.

3). Legal heirship സർട്ടിഫിക്കറ്റിൽ ചേർക്കപ്പെട്ടിട്ടുള്ള എല്ലാ അവകാശികളും സത്യവാങ്മൂലം നൽകേണ്ടതാണ്. (മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്).

4). Legal heirship സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വ്യക്തികളും, ഫോട്ടോ പതിപ്പിച്ച ഏതെങ്കിലും സർക്കാർ അംഗീകൃത രേഖകളുമായി രജിസ്റ്ററിംഗ് അതോറിറ്റിയുടെ മുൻപാകെ നേരിട്ട് ഹാജരായി പ്രത്യേകമായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്.

5). Legal heirship സർട്ടിഫിക്കറ്റിലെ അവകാശികൾ വിദേശത്ത് ആണെങ്കിൽ ടി വ്യക്തിയുടെ authorization സഹിതം അടുത്ത ബന്ധുക്കൾ ഓഫീസിൽ ഹാജരായാൽ ,അവരുടെ സാന്നിധ്യത്തിൽ വീഡിയോ കോൾ വഴി രജിസ്റ്ററിംഗ് അതോറിറ്റിക്ക് വിദേശത്തുള്ള വ്യക്തിയുമായി കൂടിക്കാഴ്ച നടത്താവുന്നതാണ്.

വിശ്വസ്തതയോടെ,

Signed by
Chakilam Nagaraju
Date: 24-12-2024 18:04:25

NAGARAJU CHAKILAM IPS
TRANSPORT COMMISSIONER

ഫോൺ: 0471-2333337/2333317 0471-2333314 വെബ്സൈറ്റ്: www.mvd.kerala.gov.in ഇമെയിൽ: tcoffice.mvd@kerala.gov.in